അവലോകന യോഗം നടക്കുന്നു. ആദ്യപടിയായി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ചാർജ് ഓഫീസർമാരേയും ശിശുവികസന പദ്ധതി ഓഫീസർമാരേയും ചേർത്ത് അവലോകനം നടത്തുന്നു. ഈ യോഗത്തിൽ ആരോഗ്യവകുപ്പിന്റെയും സാമൂഹ്യക്ഷേമ വകുപ്പിന്റെയും ഏകോപനവും നടക്കുന്നു. അതിനുശേഷം ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറുടെ അധ്യക്ഷതയിൽ ഐ. സി. ഡി. എസ്. ജില്ലാതല അവലോകനം നടത്തുന്നു. ഈ യോഗത്തിൽ അംഗൻവാടികളുടെ പ്രവർത്തനം പ്രോജക്ടുകൾ പ്രകാരം വിലയിരുത്തുന്നു. ഇതിനായി പ്രതിമാസ പുരോഗതി റിപ്പോർട്ട് ആധാരമാക്കുന്നു. ഇതുകൂടാതെ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന പ്രോജക്ടിന്റെ പ്രവർത്തനം അനുപൂരക പോഷകാഹാര പരിപാടി തുടങ്ങിയ ഘടകങ്ങൾ അവലോകനം ചെയ്ത് ഗ്രേഡിംഗ് സമ്പ്രദായവും നടപ്പിലാക്കിവരുന്നു.

(ബി) അംഗൻവാടി പ്രവർത്തകർക്കും, സഹായികൾക്കും പ്രതിമാസ ഓണറേറിയത്തിനുപുറമേ റ്റി. എ. അംഗൻവാടി ക്ഷേമനിധിയിൽനിന്ന് വൈദ്യസഹായം, ഭവനനിർമ്മാണ വായ്പ, വിവാഹ ആവശ്യത്തിനുള്ള വായ്പ, കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള വായ്പ, കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള പ്രോൽസാഹനം, അപകട സംരക്ഷണം എന്നിവ നൽകിവരുന്നു. ഓണറേറിയത്തോടുകൂടിയ പ്രസവാവധിയും അബോർഷൻ ലീവ് എന്നിവയും അനുവദിക്കുന്നുണ്ട്. കൂടാതെ മരണപ്പെടുന്ന പ്രവർത്തകരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനവും നൽകിവരുന്നു.

(സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രസർക്കാർ അനുവദിച്ച വർദ്ധിച്ച ആനുകൂല്യങ്ങൾ നൽകിവരുന്നു. അംഗൻവാടി വർക്കർക്ക് 500 രൂപയും ഹെൽപ്പർക്ക് 240 രൂപയും ഇപ്രകാരം 1-4-2002 മുതൽ പ്രാബല്യത്തിൽ നൽകിവരുന്നു. ഇതുകൂടാതെ റ്റി. എ. ഇനത്തിൽ 50 രൂപ വർദ്ധിപ്പിച്ച് 75 രൂപ നൽകിവരുന്നു.

(ഡി—ഇ) കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം തുടർന്നു വരുന്നു.

അംഗൻവാടി ജീവനക്കാർക്ക് വേതനഘടന നിശ്ചയിക്കുവാൻ പദ്ധതി

42 [2169] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള അംഗൻവാടി ജീവനക്കാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അംഗൻവാടി ജീവനക്കാരുടെ നിലവിലുള്ള വേതന ഘടന വ്യക്തമാക്കുമോ;

(സി) അംഗൻവാടി ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടേതുപോലെ വേതനഘടന നിശ്ചയിക്കുവാനും സേവന വ്യവസ്ഥകൾ നടപ്പിലാക്കുവാനും പെൻഷനും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കാനുമുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 24415 അംഗൻവാടി വർക്കർമാരും അത്രതന്നെ ഹെൽപ്പർമാരും ഉണ്ട്.

(ബി) മെട്രിക്കുലേറ്റ് നോൺ മെട്രിക്കുലേറ്റ് എന്നിങ്ങനെ തരംതിരിച്ചും സേവനകാല ദൈർഘ്യം കണക്കിലെടുത്തും അംഗൻവാടി വർക്കർമാർക്ക് 1,238 രൂപ മുതൽ 1,363 രൂപ വരെയും, ഹെൽപ്പർമാർക്ക് 800 രൂപയും പ്രതിമാസ ഓണറേറിയമായി നൽകിവരുന്നു.

(സി) സന്നദ്ധ സേവനം ചെയ്യുന്ന അംഗൻവാടി പ്രവർത്തകർക്ക് സർക്കാർ ജീവനക്കാരുടേതുപോലെ വേതനഘടന നിശ്ചയിക്കുവാനും സേവന വ്യവസ്ഥകൾ നടപ്പിലാക്കുവാനുമുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ഇവരുടെ സർവ്വീസ് കാര്യങ്ങൾ, ജോലിയിൽനിന്ന് പിരിഞ്ഞുപോകേണ്ട പ്രായം, പിരിഞ്ഞുപോകുമ്പോൾ നൽകേണ്ട ആനുകൂല്യങ്ങൾ മുതലായ കാര്യങ്ങളെപ്പറ്റി പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിന് സാമൂഹ്യക്ഷേമ ഡയറക്ടറെ ഏകാംഗ കമ്മീഷനായി സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കമ്മീഷൻ നടപടി സ്വീകരിച്ചുവരുന്നു.

സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾ

43 [2170] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗൻവാടികളുണ്ടെന്ന് പറയാമോ;

(ബി) ഈ അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയല്ലാതെ സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി—ഡി) ഉണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ 2004-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 27 കോടി രൂപ ഉപയോഗിച്ച് അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം. എൽ. എ., എം. പി.-മാരുടെ പ്രാദേശിക വികസന

LIBRARY ARCHIVES Kerala Legislative Assembly